ഗ്രേസ് മാർക്ക്

164 [178] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ യുവജനോൽസവത്തിൽ ഒന്നാം സമ്മാനവും 'എ' ഗ്രേഡും കിട്ടിയവർക്കു 10 ശതമാനം ഗ്രേസ് മാർക്കു നൽകാമെന്നു പ്രഖ്യാപിച്ചതു കഴിഞ്ഞ വർഷം ജയിച്ച വിദ്യാർത്ഥികൾക്കു നൽകിയില്ലെന്നുള്ള പരാതി ശരിയാണോ; എങ്കിൽ പ്രസ്തുത വിദ്യാർത്ഥികൾക്കു ഗ്രേസ് മാർക്കു നൽകാൻ നടപടികൾ സ്വീകരിച്ചുവോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) മുത്തോലി സെൻറ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിലെ വിദ്യാർത്ഥിനിയായിരുന്ന ലിസമ്മയെ സ്കൂൾ അധികൃതർ പ്രൈവറായി പത്താംക്ലാസ്സ് പരീക്ഷയെഴുതിച്ചു. സ്പോർട്സിൽ കിട്ടേണ്ട ഗ്രേസ് മാർക്കു ഇല്ലാതാക്കിയ സംഭവത്തെപ്പറ്റി അന്വേഷണം നടത്തണമെന്നു പരാതി ലഭിച്ചിട്ടുണ്ടോ;

(സി) അന്വേഷണം നടത്തിയെങ്കിൽ ഇക്കാര്യത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ പറയാമോ;

(ഡി) ലിസമ്മയ്ക്കു അർഹമായ ഗ്രേസ് മാർക്കു നൽകുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) നൂറുശതമാനം വിജയം നേടാൻ സ്കൂൾ അധികാരികൾ നടത്തുന്ന ഇത്തരം ക്രമക്കേടുകൾ ഭാവിയിൽ ഇല്ലാതാക്കാൻ എന്തു നടപടി എടുക്കാനാണു ഉദ്ദേശിക്കുന്നത്;

(എഫ്) ഇക്കാര്യത്തിൽ സ്കൂളിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ?

(ജി) ഇത്തരം കായികതാരങ്ങൾ പ്രൈവറായി പരീക്ഷയെഴുതിയാലും ഗ്രേസ് മാർക്കു നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും കഴിഞ്ഞ എസ്. എസ്.എൽ.സി. പരീക്ഷയിൽ ഗ്രേസ് മാർക്കു നൽകിയിട്ടുണ്ട്. 1986 മാർച്ചു മുതൽ മാത്രമേ 'എ' ഗ്രേഡ് മാത്രം കിട്ടിയവർക്കു ഗ്രേസ് മാർക്കു അനുവദിച്ചിട്ടുള്ളു.

(ബി) ഉണ്ട്.

(സി, ഡി, ഇ, എഫ്) ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടു ലഭിച്ചതിനുശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) നിലവിലുള്ള നിയമം അനുസരിച്ചു സ്കൂളിനെ പ്രതിനിധീകരിച്ചു കലാകായിക രംഗത്തിൽ പങ്കെടുക്കുന്ന സ്കൂൾ കുട്ടികൾക്കു മാത്രമേ ഗ്രേസ് മാർക്കു നൽകുകയുള്ളു.

ആയുർവ്വേദം ഹൈസ്കൂൾ തലത്തിൽ പാഠ്യവിഷയമാക്കാൻ നടപടി

165 [179] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആയുർവ്വേദം ഹൈസ്കൂൾ തലത്തിൽ പാഠ്യവിഷയമാക്കാൻ ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly